LIBRARY ARCHIVES Kerala Legislative Assembly

വ്യാപാരി ക്ഷേമനിധി ബോർഡ് പുനഃസംഘടന

64 (4224) ശ്രീ. തമ്പാന്നൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപാരി ക്ഷേമനിധി ബോർഡ് കഴിഞ്ഞ നാല് വർഷങ്ങളായി പ്രവർത്തന രഹിതമായി കിടക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുമൂലം വ്യാപാരികൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വ്യാപാരി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) വ്യാപാരി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനും വ്യാപാരികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വ്യാപാരി ക്ഷേമനിധി ബോർഡ് ഭാഗികമായി പ്രവർത്തിക്കുന്നുണ്ട്. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടനയ്ക്കെതിരായി മുൻ സർക്കാരിന്റെ കാലത്ത് 20105/2000 നമ്പരായി ഒരു ഒ. പി. നിലവിലുണ്ടായിരുന്നു. 17-7-2002 ൽ പ്രസ്തുത ഒ. പി. തള്ളിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്. എങ്കിലും കോടതി ഇടപെട്ട കേസുകളിലെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(ഡി-എഫ്) ഇല്ല. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പുനഃസംഘടന നികുതി വകുപ്പിന്റെ പരിഗണനയിലാണ്.

വിവിധ ക്ഷേമനിധികളിലെ പെൻഷൻ കുടിശ്ശിക

65 (4225) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ഷേമനിധികളിൽ നിന്നുള്ള പെൻഷനുകൾ കുടിശ്ശികയായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ മേഖലയിലും എത്ര മാസത്തെവീതം പെൻഷൻ കുടിശ്ശിക തീർത്തുകടുക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വിവിധ ക്ഷേമനിധികളിലായി വിവിധ ആനുകൂല്യങ്ങൾക്കുവേണ്ടിയുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട് ഓരോ ക്ഷേമനിധിയിലും എത്ര വീതം ;